"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E1-38924/2023/PrHQ ; തീയതി : 05-01-2024

സർക്കാർ ജീവനക്കാരുടെ സേവനപുസ്തകത്തിൽ ജനനത്തീയതി തിരുത്തൽ വരുത്തുന്നതിനുള്ള വ്യവസ്ഥകൾ വീഴ്ച വരാതെ കൃത്യമായി പാലിക്കുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ചുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പിന്റെ 18/12/2023 തീയതിയിലെ ഉ.പ.സി 3/188/2023/ഉഭപവ നമ്പർ സർക്കുലർ അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിനോദ് കുമാർ എം കെ
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: **1. എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും**
2. ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**നം.ഉപ.സി.3/ 188 / 2023 /ഉഭപവ** **തിരുവനന്തപുരം, തീയതി :18-12-2023**

**സർക്കുലർ**

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- സർക്കാർ ജീവനക്കാരുടെ സേവനപുസ്തകത്തിൽ ജനനത്തീയതി തിരുത്തൽ വരുത്തുന്നതിനുള്ള വ്യവസ്ഥകൾ വീഴ്ച വരാതെ കൃത്യമായി പാലിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 30-12-1991 ലെ G.O.(P)no.45/1991/P& ARD നമ്പർ ഉത്തരവ്.

2. 22-08-2008-ലെ 4735/ ADV .C3/2008/P& ARD നമ്പർ സർക്കുലർ.

സർക്കാർ ജീവനക്കാരുടെ സേവനപുസ്തകത്തിൽ ജനനത്തീയതി തിരുത്തൽ വരുത്തുന്നത് സർക്കാരിൽ മാത്രം നിക്ഷിപ്തമായിട്ടുള്ള അധികാരം സംബന്ധിച്ച് സൂചന (1) ഉത്തരവിലൂടെ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സൂചന (2) സർക്കുലർ മുഖേന സെക്രട്ടേറിയറ്റിലെ എല്ലാ ഭരണവകുപ്പുകൾക്കും എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിരുന്നു.

അപ്രകാരം നിർദ്ദേശം നല്കിയിരുന്നിട്ടും വിവിധ വകുപ്പുകളിലെ നിയമനാധികാരികൾ, മതിയായ ക്ഷമതയില്ലാതെ മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ച് സർക്കാർ അനുമതിയില്ലാതെ ജീവനക്കാരുടെ സേവനപുസ്തകത്തിൽ സ്വമേധയാ ജനനത്തീയതി തിരുത്തൽ വരുത്തി നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിൽ മാത്രം നിക്ഷിപ്തമായിട്ടുള്ള അധികാരം , മതിയായ ക്ഷമതയില്ലാതെ ഉദ്യോഗസ്ഥർ പ്രയോഗിച്ചു വരുന്നത് സർക്കാർ ഗൗരവതരമായി കാണുന്നു.

അതിനാൽ, സർക്കാർ ജീവനക്കാരുടെ സേവനപുസ്തകത്തിൽ ജനനത്തീയതി തിരുത്തൽ വരുത്തുന്നത് സംബന്ധിച്ച അപേക്ഷ കൃത്യമായി പരിശോധിച്ച് സർക്കാർ തലത്തിൽ മാത്രം തീർപ്പാക്കേണ്ടതാണെന്ന് സെക്രട്ടേറിയറ്റിലെ എല്ലാ ഭരണവകുപ്പുകൾക്കും, എല്ലാ വകുപ്പ് മേധാവികൾക്കും / നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നു.

**രാജീവൻ.എ.പി**
**ജോയിന്റ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും.
സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും

(ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും/ ജില്ലാ കളക്ടർമാർക്കും
എല്ലാ പൊതുമേഖലാ / സഹകരണ സ്ഥാപന മേധാവികൾക്കും
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**അംഗീകാരത്തോടെ**

**സെക്ഷൻ ഓഫീസർ**